# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1280.

15..6..2012-ൽ മറുപടിക്ക്

## മിഷൻ മിൽക്ക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, ഇ. ചന്ദ്രശേഖരൻ<br>,, കെ. രാജു<br>,, ജി. എസ്. ജയലാൽ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര ക്ഷീരോല്പാദന പദ്ധതിയായ മിഷൻ മിൽക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br>(ബി) പദ്ധതിയ്ക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെല്ലാം സഹായം ലഭിച്ചിട്ടുണ്ട്;<br>(സി) എത്ര ക്ഷീര കർഷകർക്ക് ആയതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ; | (എ), (ബി) & (സി) അപ്രകാരമൊരു പദ്ധതി ക്ഷീര വികസന വകുപ്പ് വഴി നടപ്പിലാക്കിയിട്ടില്ല. |
| (ഡി) ക്ഷീര കർഷകരെ ഈ രംഗത്ത് നിലനിറുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ? | (ഡി) ഉത്പാദന ചെലവിനനുസരണമായി കർഷകർക്ക് ന്യായവില ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ വ്യാപനം, എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി അന്യ സംസ്ഥാനങ്ങളിൽ നിന്നും ക്ഷീര കർഷകർക്ക് സങ്കരയിനം പശുവിനെ വാങ്ങി കൊടുക്കുന്ന പദ്ധതി, കർഷകർക്ക് കറവ യന്ത്രം, മറ്റ് അവശ്യ ഉപകരണങ്ങൾ എന്നിവയും പദ്ധതികളിൽ ഉൾപ്പെടുത്തി നൽകി വരുന്നു. ദീർഘ/ഹ്രസ്വകാല തീറ്റപ്പുൽ കൃഷിക്ക് |

പ്രാധാന്യം നൽകിയും കാലിത്തീറ്റയ്ക്ക് ഉയർന്ന നിരക്കിൽ സബ്സിഡി നൽകുന്നതിനും നല്ലയിനം കറവപശുക്കളെ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് പശുക്കുട്ടി-കിടാരി വളർത്തൽ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ, കന്നുകുട്ടി ദത്തെടുക്കൽ പരിപാടി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, ക്ഷേമനിധി ബോർഡ് വഴി ക്ഷീരകർഷകർക്ക് പെൻഷൻ, അപകട ഇൻഷ്വറൻസ്, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും നൽകി വരുന്നു. ആകസ്മികമായി ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കൊണ്ട് ദുരിതം അനുഭവിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസമായി 5000 രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നു. ഇവയ്ക്കു പുറമെ, മികച്ച ക്ഷീരകർഷകരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് സമ്മാനം നൽകുകയും അവരെ ആദരിക്കുകയും ചെയ്യുന്നു. ബ്ലോക്ക്/ജില്ലാ ക്ഷീരകർഷക സംഗമങ്ങൾ സംഘടിപ്പിച്ച് കർഷകരുടെ മികച്ച ഇനം കന്നുകാലികളെ പ്രദർശിപ്പിക്കുന്നതിനും പ്രദർശനത്തിൽ മികച്ച കന്നുകാലികളെ തെരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച തീറ്റപ്പുൽ കൃഷിത്തോട്ടം ഉടമയ്ക്കും സമ്മാനങ്ങൾ നൽകുന്നു. കാലിത്തീറ്റ സബ്സിഡി ഇരട്ടിയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽ കൃഷി 3000 ഹെക്ടർ സ്ഥലത്തു കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.